**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2115** **30-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വിജ്ഞാൻവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് എത്ര വിജ്ഞാൻവാടികൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെ 208 വിജ്ഞാൻവാടികൾ ഉണ്ട്. തിരുവനന്തപുരം - 24 കൊല്ലം - 22 പത്തനംതിട്ട - 10 ആലപ്പുഴ - 22 കോട്ടയം - 17 ഇടുക്കി - 13 എറണാകുളം - 16 തൃശ്ശൂർ - 28 പാലക്കാട് - 19 മലപ്പുറം - 7 കോഴിക്കോട് - 15 വയനാട് - 4 കണ്ണൂർ - 5 കാസർഗോഡ് - 6 |
| (ബി) | വിജ്ഞാൻവാടികളുടെ പ്രവർത്തന ഉദ്ദേശ്യം എന്താണെന്നും ഇവിടങ്ങളിൽ നിലവിലുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനും, ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുമായാണ് പട്ടികജാതി കോളനികളിൽ വിജ്ഞാൻവാടികൾ ആരംഭിച്ചിട്ടുള്ളത്. ഇൻറർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലൈബ്രറി, വായനശാല എന്നിവ സജ്ജീകരിച്ചുകൊണ്ടുള്ള 500 ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിടത്തിൽ വിജ്ഞാൻവാടികൾ പ്രവർത്തിച്ചു വരുന്നു. |
| (സി) | ഒരു വിജ്ഞാൻവാടിയിൽ എത്ര ജീവനക്കാരാണ് ഉള്ളതെന്നും ഇവരുടെ നിയമനം എങ്ങനെയാണെന്നും വ്യക്തമാക്കാമോ; | (സി) | നിലവിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. വിജ്ഞാൻവാടികൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ പ്രൊമോട്ടർമാർക്കാണ് ഇതിന്റെ ചുമതല നൽകിയിട്ടുള്ളത് . |
| (ഡി) | എല്ലാ വിജ്ഞാൻവാടികളിലും ആവശ്യത്തിന് ജീവനക്കാരുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാരുടെ കുറവുള്ള വിജ്ഞാൻവാടികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. വിജ്ഞാൻവാടികൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ പ്രൊമോട്ടർമാർക്കാണ് ഇതിന്റെ ചുമതല നൽകിയിട്ടുള്ളത് . |
| (ഇ) | ഒരു വിജ്ഞാനവാടിയുടെ നടത്തിപ്പിന് ഒരു മാസം എത്ര ചെലവ് വരുമെന്ന് വ്യക്തമാക്കാമോ? | (ഇ) | വിജ്ഞാൻവാടികളുടെ നടത്തിപ്പിന് ഒരു വർഷത്തിൽ ആവർത്തന ചെലവുകൾക്കായി 30,000/- രൂപ അനുവദിച്ചു വരുന്നു. മാസ ചെലവ് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ഇനം | മാസചെലവ് | ആകെ ചെലവ് |
|---|---|---|---|
| 1 | ന്യൂസ് പേപ്പർ മലയാളം | 150 | 150X12-1800 |
| 2 | ന്യൂസ് പേപ്പർ ഇംഗ്ലീഷ് | 190 | 190X12-2280 |
| 3 | ഇന്റർനെറ്റ് ചാർജ്ജ് | 1000 | 1000X12-12000 |
| 4 | ഇലക്ട്രിസ്റ്റി | 250 | 250X12-3000 |
| 5 | തൊഴിൽ പ്രസിദ്ധീകരണങ്ങൾ | 300 | 300X12 -3600 |
| 6 | മറ്റ് ചെലവുകൾ (കമ്പ്യൂട്ടർ മെയിന്റനൻസ്, ഫോട്ടോ കോപ്പി) | -- | 7320 |
| | **ആകെ** | | **30,000/-** |

സെക്ഷൻ ഓഫീസർ